"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - അംഗീകൃത വടകര മാസ്റ്റർ പ്ലാനിന്റെ കരട് വ്യതിയാനത്തിന് പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.49/2026/LSGD തീയതി,തിരുവനന്തപുരം, 12-02-2026

---

പരാമർശം:-

1. സ.ഉ.(കൈ)നം. 166/2010/LSGD, തീയതി 18/12/2019.
2. സ.ഉ.(കൈ) നം.57/2024/LSGD, തീയതി ०7/०6/2024.
3. വടകര നഗരസഭാ കൗൺസിലിന്റെ 30.07.2024-ലെ തീരുമാനം നമ്പർ 5/5
4. വടകര നഗരസഭ കൗൺസിലിന്റെ 13/5/2025-ലെ തീരുമാനം നമ്പർ 41
5. വടകര നഗരസഭ കൗൺസിലിന്റെ 22/1/2025-ലെ തീരുമാനം നമ്പർ 1/1
6. 09/09/2025 -ലെ കേരള ഗസറ്റ് വിജ്ഞാപനം നം. 36, വാല്യം 14.
7. വടകര നഗരസഭ സെക്രട്ടറിയുടെ 3/10/2025 തീയതിയിലെ TP2/122676/2025 നമ്പർ കത്ത്.
8. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് )-ടെ 10/12/2025 -ലെ LSGD/PD/17184/2023-TCPB4 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വടകര മാസ്റ്റർ പ്ലാനിന് പരാമർശം 1 പ്രകാരം സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേഖല നിയന്ത്രണ ചട്ടങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നും നിരവധി പരാതികൾ ഉയർന്നതിനെ തുടർന്ന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ 50 ഉപവകുപ്പ് (1) പ്രകാരം മാസ്റ്റർ പ്ലാൻ വ്യതിയാനം വരുത്തുന്നതിന് പരാമർശം 2 പ്രകാരം അനുമതി നൽകിയിരുന്നു. അപ്രകാരം, അംഗീകൃത വടകര മാസ്റ്റർ പ്ലാനിൽ ഭേദഗതി വരുത്തുന്നതിന് പരാമർശം 3 പ്രകാരം മാസ്റ്റർപ്ലാൻ അവലോകന കമ്മിറ്റി രൂപീകരിക്കുകയും, ടി കമ്മിറ്റിയുടെ 13/11/2024-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകൃത വടകര മാസ്റ്റർ പ്ലാനിൽ ഭേദഗതി വരുത്തുന്നതിന് കരട് മേഖല നിയന്ത്രണ ചട്ടങ്ങൾ തയ്യാറാക്കുകയുമുണ്ടായി. വടകര നഗരസഭ കൗൺസിൽ പരാമർശം 4 & 5 പ്രകാരം പ്രസ്തുത കരട് അംഗീകരിക്കുകയുണ്ടായി.

2 . പ്രസ്തുത വ്യതിയാനം മാസ്റ്റർ പ്ലാനിന്റെ ഭാഗികമായ വ്യതിയാനമായതിനാൽ, മാസ്റ്റർപ്ലാൻ അവലോകന കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് സെക്ഷൻ 50(2) & 36 (1), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 24 എന്നിവ പ്രകാരം മാസ്റ്റർ പ്ലാനിൽ ഭേദഗതി (പാർട്ട് വേരിയേഷൻ) വരുത്തുന്നതിന് നഗരസഭ കൗൺസിൽ തീരുമാനിക്കുകയും, ആയതിനുള്ള ഉദ്ദേശ്യം ഫാറം II-ൽ പരാമർശം 6 പ്രകാരം വിജ്ഞാപനം ചെയ്യുകയും വർത്തമാന പത്രങ്ങളിലും നഗരസഭയുടെ നോട്ടീസ് ബോർഡ്, ഔദ്യോഗിക വെബ് സൈറ്റ് എന്നിവയിലും പ്രസിദ്ധീകരിക്കുകയുണ്ടായി.

3. വടകര നഗരസഭ സെക്രട്ടറി പരാമർശം 7 പ്രകാരം ലഭ്യമാക്കിയിരുന്ന കരട് വ്യതിയാനം പരിശോധിച്ച് നഗരസഭയുടെ തീരുമാനത്തെ ബാധിക്കാത്ത തരത്തിലുള്ള ചില പരിഷ്കരണങ്ങൾ വരുത്തിയിട്ടുള്ളതായി അറിയിച്ച്, ആയതിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(3) പ്രകാരമുള്ള പ്രസിദ്ധീകരണാനുമതി നൽകുന്നതിന് പരാമർശം 8 പ്രകാരം ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ശിപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇതോടൊപ്പം ചേർ ത്തിട്ടുള്ള വടകര മാസ്റ്റർ പ്ലാനിന്റെ കരട് വ്യതിയാനത്തിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(3) പ്രകാരമുള്ള പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി), തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, കോഴിക്കോട്.
സെക്രട്ടറി, വടകര നഗരസഭ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 13-02-2026 12:16:05
സെക്ഷൻ ഓഫീസർ